LIBRARY ARCHIVES Kerala Legislative Assembly

ഉടുമ്പൻചോലയിലെ ടൂറിസം വികസന പദ്ധതികൾ

76(1555) ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയമസഭാമണ്ഡലത്തിൽ ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നുനും എത്ര തുക വീതം നിർമ്മാണച്ചലവാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) രാമക്കൽമേട്, അഞ്ചരുളി ടൂറിസം പദ്ധതികളും ചപ്പാത്ത്-ചെങ്കര റോഡ് നിർമ്മാണവും ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എത്ര തുക വീതം അനുവദിച്ചിട്ടുണ്ട്; ഇവയുടെ നിർമ്മാണപുരോഗതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഉടുമ്പൻചോല നിയമസഭാ മണ്ഡലത്തിൽ രാമക്കൽമേട് ടൂറിസം പദ്ധതി മാത്രമേ ഇപ്പോൾ നടപ്പിലാക്കിവരുന്നുള്ളൂ. ഈ പദ്ധതിക്ക് 34,77,380 രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) രാമക്കൽമേട് ടൂറിസം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അഞ്ചുരുളിയുടെ ടൂറിസം വികസനത്തിനായുള്ള 13 ലക്ഷം രൂപ മതിപ്പ് ചെലവിലുള്ള ഒരു പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം 22-2-2006-ൽ കൂടുവാൻ തീരുമാനിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി പരിശോധിക്കുന്നതാണ്. ചപ്പാത്ത്-ചെങ്കര റോഡ് നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) രാമക്കൽമേട് ടൂറിസം പദ്ധതി - അനുവദിച്ച തുക 34,77,380 രൂപ. പ്രസ്തുത പ്രോജക്ട് പൂർത്തിയാകാറായി.

സത്രങ്ങളുടെ പ്രവർത്തനം

77(1556) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹിന്ദുമതധർമ്മ സ്ഥാപന(ഭരണ) വകുപ്പിന്റെ കീഴിൽ എത്ര സത്രങ്ങളുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) സത്രങ്ങളുടെ പ്രവർത്തനം നടത്താൻ പ്രത്യേക സമിതിയുണ്ടോ;